
വാല്യം 2 ലക്കം 2 കുംഭം 1172

# താളിയോല

ജപ്പാൻ മലയാളികളുടെ പ്രസിദ്ധീകരണം



❀ മുഖവുര ❀ നാട്ടുവിശേഷം ❀ ഞാൻ എന്നനീ ❀ ജപ്പാൻ ❀
❀ കണ്ണനെ കാണുവാൻ ❀ പ്രതികരണം ❀
❀ കസ്റ്റംസ് ബാഗേജ് നിയമങ്ങൾ ❀
❀ അക്കിത്തം നാരായണൻ ❀

# മുഖവുര

മലയാളിയുടെ ദേശ സങ്കൽപത്തിന്റെ വേരുകൾ മാവേലിയുടെയും ഭൃഗുരാമന്റെയും 'മിത്തു'കളിലാണല്ലോ. ഒറ്റക്കെടുത്താലും ഒന്നിച്ചെടുത്താലും വൈരുദ്ധ്യങ്ങൾ നിറഞ്ഞതെന്ന് (പരശുരാമന് മുൻപാണ് വാമനാവതാരമെന്ന ഏറ്റവും പ്രത്യക്ഷമായ വിശ്വാസമുൾപ്പെടെ) ഗവേഷകരെല്ലാം ഒന്നായി വിധിയെഴുതിയിട്ടും സാധാരണക്കാരന്റെയുള്ളിൽ ഇവ ഇന്നും സജീവമായ 'നൊസ്റ്റാൾജിയ'യാണ്. ക്രുദ്ധനായ യോദ്ധാവിന്റെ കാൽക്കൽ സമുദ്രം വിനായന്വിതം കാഴ്ചവെച്ച സ്വപ്ന ഭൂമി; മലയ്ക്കും കടലിനുമിടയിലെ ഉർവരമായ ഹരിതഭൂമി - അങ്ങിനെ നമ്മുടെ മനസ്സിൽ നാടിനെ ഒരു വാഗ്ദത്ത ഭൂമിയുടെ പരിവേഷത്തിലേയ്ക്കുയർത്തുന്നതാണ് രാമന്റെ ഐതിഹ്യം. ഈശ്വരന്റെ കള്ളക്കളിയിൽ രക്തസാക്ഷിയാവുന്ന നല്ല രാജാവിന്റെ ഓർമയ്ക്കായി പ്രകൃതിയും മനുഷ്യമനസ്സുകളും ഒരുമിച്ച് പൂത്തുലയുന്നതാണല്ലോ മറ്റേത്. ഉട്ടോപ്പിയയുടെ കാൽപനികത്വവും വിഗ്രഹഭഞ്ജനത്തിന്റെ രഹസ്യസുഖവും ചേർന്ന് ഇതിനെ അനന്യാദൃശമായ ഒരു ദേശീയ സങ്കൽപമാക്കി മാറ്റുന്നു. അയൽ സംസ്ഥാനങ്ങളുടേതിനേക്കാൾ നമ്മുടെ സംസ്കാരത്തിനുണ്ടെന്ന് നാം വിശ്വസിക്കുന്ന ഉൽക്കർഷതക്ക് (അബോധമായെങ്കിലും) ചരിത്രപരമായ ഒരാധികാരിത്വം നൽകാൻ ഈ രണ്ടു 'മിത്തു'കളും ഉപയോഗപ്പെടുന്നു.

ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ സവിശേഷമായ വികസന മാതൃകയും പ്രസക്തമാകുന്നത്. പല സാമൂഹ്യ ശാസ്ത്രജ്ഞരും അന്താരാഷ്ട്ര മാസികകളും മുതൽ അമേരിക്കൻ ഉപരാഷ്ട്രപതി അൽഗോർ വരെയുള്ളവരുടെ മുക്തകണ്ഠ പ്രശംസക്ക് പാത്രമായതാണ് 'കേരള മോഡൽ' വികസനം. വരുമാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ മറ്റുപല സംസ്ഥാനങ്ങളേക്കാൾ വളരെ പിന്നിലെങ്കിലും വിദ്യാഭ്യാസം, ആരോഗ്യം, പരിസര സംരക്ഷണം തുടങ്ങിയ രംഗങ്ങളിൽ മറ്റെല്ലാവരേക്കാളും എത്രയോ മുന്നിലെത്തി നിൽക്കുന്നു കേരളം എന്ന സവിശേഷത ശ്രദ്ധിക്കപ്പെട്ടിട്ട് ഒരു ദശാബ്ദത്തിലേറെയായി. വികസന ശാസ്ത്രത്തിനുള്ള ഈ വെല്ലുവിളിക്ക് പ്രത്യക്ഷവും പരോക്ഷവുമായ പല കാരണങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നു. സ്ത്രീയുടെ സ്വാതന്ത്ര്യം ഒരളവുവരെ നില നിർത്താനുതകിയിരുന്ന മരുമക്കത്തായ സമ്പ്രദായം മുതൽ ഭൂപരിഷ്കരണം തുടങ്ങി പിൽക്കാലത്തെ പല പുരോഗമന ഭരണപരിഷ്കാരങ്ങളും ഇവയിൽപ്പെടുന്നു. അങ്ങനെ കേരളം മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് ഒരു ക്ഷേമരാഷ്ട്രത്തിന്റെ മാതൃകയായിത്തീരുന്നു.

എന്നാൽ ഈ സ്ഥിതി വിവരക്കണക്കുകൾ മറിച്ചിടുമ്പോഴത്തെ വൈരുദ്ധ്യവും ഈയിടെയായി ശ്രദ്ധിക്കപ്പെട്ടു വരുന്നു. തിരുവനന്തപുരത്ത് നടന്ന 'കേരള മോഡൽ' സെമിനാറിൽ ഈ മാതൃകയുടെ ആത്യന്തികമായ വിജയത്തെക്കുറിച്ച് ആശങ്കകൾ ഉയരുകയുണ്ടായി. നാട്ടിലെ തൊഴിലവസരങ്ങളിലും നിർമാണ പ്രവർത്തനങ്ങളിലും നേരിട്ടുപയോഗിക്കാനാവാത്ത വിദ്യാഭ്യാസ സമ്പ്രദായവും അതു സൃഷ്ടിക്കുന്ന വ്യർത്ഥതാബോധവും മറ്റും യുവാക്കൾക്കിടയിലെ ആത്മഹത്യാ നിരക്കിനും മറ്റു ഹിംസാത്മക പ്രവണതകൾക്കും കാരണമാകുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. സാക്ഷരരുടെയും ബിരുദധാരികളുടെയും ശതമാനത്തിൽ എത്രയോ മുൻപന്തിയിൽ നിൽക്കുമ്പോൾ തന്നെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മറ്റു നിർമാണ രംഗങ്ങളിലുമുള്ള പിന്നോക്കാവസ്ഥയാണ് ഒരു പ്രകടമായ വൈരുദ്ധ്യം. ഈ തൊഴിലില്ലായ്മക്കൊപ്പം തന്നെ പരമ്പരാഗത കൈ തൊഴിലുകളിലെ തൊഴിലാളികളുടെ അഭാവവും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ പ്രവാഹവും അതു സൃഷ്ടിക്കുന്ന സാമൂഹ്യ പ്രശ്നങ്ങളുമാണ് മറ്റൊരു വൈരുദ്ധ്യം.

കേരളത്തിനു വേണ്ടിയുള്ള ഒരു വികസന മോഡലിന്റെ രൂപീകരണത്തെക്കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും രാഷ്ട്രീയ ധ്രുവീകരണത്തിന്റെ ഇരയായി തീർന്നിട്ടുണ്ട്. ഉയർന്ന ജനസാന്ദ്രതയുള്ള കേരളത്തിന്റെ പ്രകൃതിക്ക് യോജിച്ചതും ഇവിടത്തെ കാർഷികോൽപന്നങ്ങൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നതുമായ വ്യവസായങ്ങളും പരിസരമലിനീകരണം കുറഞ്ഞ പുതിയ ഊർജ്ജ സ്രോതസ്സുകളുമുപയോഗിക്കുന്ന വൈദ്യുത പദ്ധതികളും എല്ലാം പലപ്പോഴായി നിർദേശിക്കപ്പെട്ടിട്ടു

ണ്ടെങ്കിലും ഭരണാധികാരികളുടെ ദീർഘ വീക്ഷണമില്ലായ്മ മൂലം പലതും വെളിച്ചം കാണാതെ കിടക്കുന്നു.

വിദ്യാലയങ്ങളിലെയും തൊഴിൽശാലകളിലെയും നഷ്ടപ്പെടുന്ന പ്രവൃത്തി ദിവസങ്ങളെക്കുറിച്ചുള്ള ചർച്ച പലപ്പോഴും കടന്നൽക്കൂടിളക്കുന്നതുപോലെയാവുന്നു. തൊഴിലാളിയുടെയും വിദ്യാർത്ഥിയുടെയും അവകാശ ബോധവും രാഷ്ട്രീയ ബോധവും സമൂഹ പുരോഗതിക്കാവശ്യമെങ്കിലും, പണിമുടക്കും പഠിപ്പുമുടക്കും അതിനോടു ചേർന്ന നശീകരണ പ്രവർത്തനങ്ങളും ഈ അവകാശ ബോധത്തിന്റെ പ്രകടനമായി മാറുന്നിടത്താണ് പ്രശ്നമുദ്ഭവിക്കുന്നത്. അതുപോലെ തന്നെ, പ്രാദേശികോത്സവങ്ങൾ മുതൽ പ്രിയപ്പെട്ട നേതാവിന്റെ വിയോഗം വരെ എല്ലാം ഗതാഗതം തടസ്സപ്പെടുത്തിയുള്ള ഘോഷയാത്രകളിലൂടെ ആഘോഷിക്കുന്ന പ്രതികരണ രീതിക്ക് അടിസ്ഥാനപരമായ എന്തോ തകരാറുണ്ടെന്ന് സമ്മതിച്ചേതീരൂ. ബുദ്ധിജീവികളും മത, രാഷ്ട്രീയ നേതാക്കളും ചേർന്ന് കൂടുതൽ ക്രിയാത്മകമായ പ്രതികരണ രീതികൾ കണ്ടുപിടിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞതുപോലെയുള്ള കേരളത്തിന്റേതു മാത്രമായ പ്രശ്നങ്ങളെല്ലാം ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിന്റെയും രാഷ്ട്രീയാവബോധത്തിന്റെയും മറുവശമാണെന്ന അഭിപ്രായവും പല ബുദ്ധിജീവികൾക്കിടയിലുമുണ്ട്. 'കേരള മോഡൽ' എന്ന സങ്കൽപമുപയോഗിച്ച് സ്വന്തം ദൗർബല്യങ്ങളെ 'കേമത്ത'മാക്കി കാണിക്കുന്ന ഈ സമീപനം പഴയ തറവാടുകളിലെ കാരണവൻമാരുടെ ദുരഭിമാനത്തെയാണ് ഓർമിപ്പിക്കുന്നത്. മഹാബലിയുടെയും ഭൃഗുരാമന്റെയും പോലെ നമുക്ക് 'കേരള മോഡലും' ഒരു 'മിത്തായി' മാറുകയാണോ? "നാളികേരത്തിന്റെ നാടിന്റെയും" "നിളാ തീരത്തെ ഒരു കൊച്ചു കുഗ്രാമത്തിന്റെയും" കാൽപനികമായ സങ്കൽപങ്ങളിൽ നിന്ന് കുറെക്കൂടി യാഥാർഥ്യാധിഷ്ഠിതമായ തലത്തിലേയ്ക്ക് നമ്മുടെ ദേശീയബോധം വളരേണ്ട കാലമായി. "സംസ്കാരം മിച്ച ഭക്ഷണമാണെന്നുള്ള"തും നാം ഓർക്കേണ്ടതാണ്.

- ശങ്കരനാരായണൻ

## നാട്ടുവിശേഷം

### നെടുമ്പാശ്ശേരി വിമാനത്താവളം

നെടുമ്പാശ്ശേരിയിലെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ നിർമാണം അന്ത്യഘട്ടത്തിലെത്തി. അടുത്ത കാലവർഷം തുടങ്ങുന്നതിനു മുൻപ് അവസാന മിനുക്കുപണിയൊഴിച്ചുള്ള ജോലികളെല്ലാം പൂർത്തിയാക്കാൻ കഴിയുമെന്നാണ് നിർമാണ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പ്രതീക്ഷ. 3700 മീറ്റർ നീളവും 60 മീറ്റർ വീതിയുമുള്ള റൺവേയാണ് നെടുമ്പാശ്ശേരിയിൽ സജ്ജമാകുന്നത്. ഇരുവശവും 7.5 മീറ്റർ ഒഴിച്ചിട്ട് 45 മീറ്റർ വീതിയിൽ ടാർ ചെയ്യും.

ഇതിനിടക്ക് സ്ഥലം വിട്ടുകിട്ടാത്തതു മൂലം ടെർമിനൽ കെട്ടിടങ്ങളുടെ നിർമാണം തുടങ്ങാൻ കഴിയാത്ത അവസ്ഥയിലാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ സ്ഥലം കരാറുകാരെ ഏല്പിക്കാൻ കൂടിയാലോചനകൾ നടക്കുന്നുണ്ട്. 1994 ആഗസ്റ്റ് 21-ന് തറക്കല്ലിട്ട വിമാനത്താവളത്തിന്റെ നിർമാണം 1998-ൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഭാരവാഹികളുടെ പ്രത്യാശ.

## പിറവി

ശെൽവനും നൊരികൊവിനും പെൺകുട്ടി - സനയ.

ഗിരീശനും തൊമികൊവിനും ആൺകുട്ടി - ഷോതാ

സച്ചിനും സുനിതയ്ക്കും ആൺകുട്ടി - നിഖിൽ

ബാബുവിനും ഷിജിക്കും പെൺകുട്ടി - നിനിഷ

ശ്യാമിനും മീരയ്ക്കും ആൺകുട്ടി - നിതിൻ

# ഞാൻ എന്ന നീ

പ്രസന്നൻ

കണ്ടുവോ കുഞ്ഞേ നീ അപ്പുറവും ഇപ്പുറവും
വാരുന്നു എറിയുന്നു പണത്തുട്ടുകൾ അവർ
ആശകളൊന്നുമേ ബാക്കിയില്ലെന്നപോൽ.
ഉന്നത ബിരുദത്താൽ നിനക്കതാവില്ലല്ലോ.
വെക്കണം വീടുകൾ വലുത്, മാറണം കാറുകൾ നമുക്കും
എന്നായി പ്രതിധ്വനി എപ്പോഴും വീട്ടിലെ.
നാട്ടുകാരിലും ഞാൻ തൊഴിലില്ലാത്തവൻ.
അവരുടെ പരിഹാസത്താൽ ഞാനും തിരയുന്നു
ഒരു ജോലി വിദേശത്തെങ്കിലും അയലോക്കത്തെപ്പോലെ.
രാഷ്ട്രീയപ്പാർട്ടികളുടെ കൈകളിൽ കറങ്ങുന്നു ഒഴിവുകൾ,
എന്നാലോ അത് കനകവും കാമിനിയും ഉള്ളവർക്കായ് മാത്രം.
അങ്ങനെ നിന്നേപ്പോലെ ഞാനും യാത്രയായ്
ഒളിച്ചോടലല്ല ഇത്, വിരൽ ചൂണ്ടുന്നവരിൽനിന്ന്.

എല്ലാരുമെത്തുന്നു യാത്രയയപ്പിന്
കണ്ടിട്ടില്ലാത്തവർ, ബന്ധുക്കളായവർ
പിരിയുമ്പോൾ കരയുന്നു, പണത്തിൻെറ തേങ്ങലുകൾ
കത്തെഴുതേണമേ... ഫോൺ വിളിക്കേണമേ.
വേദനയുടെ പുഞ്ചിരിയാൽ കരയുന്നു ഒപ്പം ഞാനും.
കൂട്ടത്തിൽ താത്കാലികാശ്വാസവും
"വരാം അടുത്തതിൻെറങ്ങേത്തെ ഓണത്തിന്."

ഇവിടെയോ... ബിരുദം പെട്ടിയിലാക്കി ചെയ്യുന്നു ജോലികൾ
ചുമക്കുന്നു ചുമടുകൾ, മുറിക്കുന്നു ഇരുമ്പുകൾ, കമ്പികൾ.
നാലു പ്ലൈവുഡ് ചുവരിനുള്ളിൽ ചിന്തിക്കുന്നു ചിലർ
"എനിക്കും കിട്ടിപ്പോയ് ജീവിതം. ഇതാണെൻെറ
വരുംകാല സൗഭാഗ്യത്തിൻ തുടക്കം."

"ബീരു" ൻെറ ലഹരിയിൽ ഭാവി സ്വപ്നങ്ങൾ കെട്ടിപ്പടുക്കുന്നവരേ...
സഹതപിക്കുന്നു ഞാൻ ഈ ജീവിതത്തോട്, നിങ്ങടെ,
അല്ല....നമ്മുടെ, ഈ സങ്കൽപ ലോകത്തോട്.
എങ്കിലും എന്നെയും ചേർക്കുമോ കൂട്ടിന്.

ഒത്തിരി പണമായെന്നാളുകൾ പറയുമ്പോൾ
പണത്തെ വണങ്ങുമ്പോൾ,
ചിരിക്കുന്നു ആഹ്ളാദിക്കുന്നു - എന്നെ ഇങ്ങോട്ടയച്ചവർ.
ഇന്ന് ഞാനും വലിയവൻ.
പ്രാർത്ഥിക്കുന്നു ഞാൻ "ദൈവമേ...
ചിരിക്കട്ടെ, ആഹ്ളാദിക്കട്ടെ അവർ - എൻെറ ഈ കണ്ണീരിൽ
അറിയാതിരിക്കട്ടെ എൻെറയീജീവിതമൊരിക്കലും."

# ജപ്പാൻ

ഡോ. വി. ബാലകൃഷ്ണൻ

ഒരു അന്താരാഷ്ട്ര മെഡിക്കൽ കോൺഫറൻസിൽ സംബന്ധിക്കുവാനും ഒരു പ്രബന്ധം അവതരിപ്പിക്കുവാനുമായാണ് ഞാൻ സെപ്റ്റംബർ മാസത്തിൽ ജപ്പാനിൽ യോക്കോഹാമയിൽ എത്തുന്നത്. കൂടെ ഭാര്യ സരളയും ഉണ്ടായിരുന്നു. ഞങ്ങളുടെ ചിരകാലാഭിലാഷമായിരുന്നു ജപ്പാൻ സന്ദർശിക്കുക എന്നത്. ഏതൊരു സ്ഥലവും സന്ദർശിക്കുന്നതിനു മുൻപ് ആസ്ഥലത്തെക്കുറിച്ചുള്ള ചില ചിത്രങ്ങൾ നമ്മുടെ മനസ്സിൽ രൂപമെടുക്കുന്നത് സാധാരണമാണ ല്ലോ. ഞങ്ങളുടെ മനസ്സിലുമുണ്ടായിരുന്നു ജപ്പാനെക്കുറിച്ചുള്ള ചില അവ്യക്ത ചിത്രങ്ങൾ.

ഒരു പുരാതന സംസ്ക്കാരം. അധ്യാന ശീലവും, അച്ചടക്കവുമുള്ള ജനങ്ങൾ. ലജ്ജാ ശീലമുള്ളവർ. അതിയായ സൗന്ദര്യബോധം അവരുടെ കൈമുതലാണ്. വെളുത്ത് ദൃഢ ഗാത്രരായ ചെറിയ മനുഷ്യർ. സുന്ദരികളായ തരുണീമണികൾ. രണ്ടാം ലോക മഹായുദ്ധത്തിൽ ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്കയുടെ അണുബോംബുകൾ വിതച്ച വിപത്ത് പലപ്പോഴും ഞങ്ങളുടെ ഹൃദയങ്ങളെ നൊമ്പരപ്പെടുത്തിയിട്ടുണ്ട്. യുദ്ധത്തിനുശേഷമുള്ള ജപ്പാന്റെ വിസ്മയാവഹമായ ഉയിർത്തെഴുന്നേൽപ്പ് ഞങ്ങളെ അവരുടെ ആരാധകരാക്കിയിട്ടുണ്ട്. ബുദ്ധിയും, ശക്തിയും, സൗന്ദര്യവും, അദ്ധ്വാനശീലവും, അല്പം നിഗൂഢതയും കലർന്നഈ കൊച്ചു രാജ്യത്തെ ജനതക്ക് ഞങ്ങളുടെ മനസ്സിൽ എന്നും ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു.

വ്യക്തമായ ചില ചിത്രങ്ങളും ഞങ്ങളുടെ മനസ്സിൽ പതിഞ്ഞു കിടന്നിരുന്നു. ചെറി ബ്ളോസ പൂക്കൾ, കിമോണൊ അണിഞ്ഞ സുന്ദരികൾ, സുമോ റെസ്ലർമാർ, ജാപ്പനീസ് ഉദ്യാനങ്ങൾ, ടീ സെറിമണി, ചക്രവർത്തിയെ ദൈവമായി ആരാധിക്കുന്നവർ, വ്യവസായവൽക്കരണം, ഇങ്ങനെ പലതും. ജപ്പാനെക്കുറിച്ച് ഞങ്ങൾക്കുണ്ടായിരുന്ന സകൽപ്പങ്ങൾ പലതും കാൽപനികതയിലും, റൊമാൻറിസിസത്തിലും പൊതിഞ്ഞതായിരുന്നു. അങ്ങിനെയുള്ളരു രാജ്യം സന്ദർശിച്ച് നാം മടങ്ങുമ്പോൾ,നമ്മുടെ പല ധാരണകളും തിരുത്തപ്പെടും. നാം അല്പം നിരാശരായെന്നിരിക്കും. നമ്മുടെ പഴയ സകല്പങ്ങളെ പലതിനേയും ഉടച്ചു 'വാർക്കേണ്ടി വന്നേക്കും. ഇതിനെല്ലാം തയ്യാറായാണ് ഞാൻ ജപ്പാനിൽ എത്തിയത്

ജപ്പാനിൽ എത്തുമ്പോൾ ജപ്പാനിലെ ഇന്ത്യക്കാരെക്കുറിച്ച്, പ്രത്യേതിച്ച് മലയാളികളെക്കുറിച്ച് ഞങ്ങൾ അജ്ഞരായിരുന്നു വെന്നു പറയാം. രണ്ടു മൂന്നു മലയാളികളുടെ അഡ്രസ്സ് കൈവശമുണ്ടായിരുന്നതൊഴിച്ചാൽ അവിടുത്തെ മലയാളികളെക്കുറിച്ച്, ഒന്നും അറിയുമായിരുന്നില്ല. എന്നാൽ തിരിച്ചു പോകുമ്പോഴേക്കും ഞങ്ങളുടെ ജപ്പാനെക്കുറിച്ചുള്ള സകല്പങ്ങളുടെ വലിയൊരു ഭാഗത്തിൽ ഇവർ ചേക്കേറിക്കഴിഞ്ഞിരുന്നു.

യോക്കോഹാമ നഗരത്തിലെ പാസിഫിക്കോ യോക്കോഹാമയിലായിരുന്നു എന്റെ കോൺഫറൻസ്. യോക്കോഹാമ തുറമുഖത്തിന്റെ വക്കത്ത് കടലിനോട് ചേർന്നാണ് ഈ പടുകൂറ്റൻ സമുച്ചയം സ്ഥിതി ചെയ്യുന്നത്. ഹാർബറിന്റെയും യോക്കോഹാമ പാലത്തിന്റെയും സുന്ദരദൃശ്യങ്ങൾ ഈ സെൻററിൽനിന്ന് ഭംഗിയായി കാണാം. തൊട്ടടുത്തുള്ളലാൻറ് മാർക്ക് ടവറിൽനിന്ന് യോക്കോഹാമ സിറ്റിയുടെ ഒരു വിഹഗ വീക്ഷണം നമുക്കു ലഭിക്കുന്നു.

ഞങ്ങൾ ടോക്യോവിന്റെ ഹൃദയ ഭാഗത്തു കൂടി ഒഴുകുന്ന സുമിദാ നദിയിൽകൂടി ബോട്ടിൽ യാത്രചെയ്തു. ബൗദ്ധരുടെ അമ്പലങ്ങളും ഷിന്തോ മതക്കാരുടെ ഷ്രൈനുകളും സന്ദർശിച്ചു. ചെറി ബ്ളോസം പൂക്കളുമായി പൊട്ടിവിരിയാൻ കാത്തു നില്ക്കുന്ന തരുക്കൾ ഒരുക്കിയ വീഥികളിൽ കൂടി സഞ്ചരിച്ചു. കാമക്കുറയിലെ അംബരചുംബിയായ ബുദ്ധവിഗ്രഹം കണ്ടു. അസ്തമന സൂര്യന്റെ ചുകപ്പു വാരിവിതറിയ ആകാശത്തിന്റെ പാശ്ചാത്തലത്തിൽ, ജപ്പാന്റെ പ്രതീകമായ ഫ്യുജി അഗ്നി പർവ്വതത്തിന്റെ ഒരു അപൂർവ്വ ദൃശ്യം അനുഭവിച്ചു. അത്യാധുനിക പാശ്ചാത്യ രീതിയിൽ വസ്ത്രധാരണം ചെയ്ത് നീങ്ങുന്ന തരുണികളെയാണ്, സകല്പത്തിലെ കിമോണൊ ധാരിണികളെയല്ല ഞങ്ങൾ കണ്ടത്. ഇംഗ്ളീഷ് ബോർഡുകൾ നന്നേ ചുരുക്കം. പലപ്പോഴും വഴിതെറ്റിപ്പോയ

ഞങ്ങൾക്ക് ശരിയായ വഴി മനസ്സിലാക്കുവാൻ തികച്ചും അപരിചിതരായ ജപ്പാൻകാരെ ആശ്രയിക്കേണ്ടിവന്നു. ഞങ്ങൾ സഹായം അഭ്യർത്ഥിച്ച അപരിചിതരെല്ലാം തന്നെ അത്യന്തം വിനയത്തോടും മര്യാദയോടും കൂടി ഞങ്ങളെ സഹായിക്കുന്നതിന് സന്തോഷസമേതം മുന്നോട്ടു വന്നു.

ഞങ്ങൾ കണ്ട കാഴ്ചകൾ കുറെയൊക്കെ പ്രതീക്ഷിച്ചിരുന്നതാണെങ്കിലും, ചിലതൊക്കെ ഞങ്ങൾക്ക് തിരുത്തിയെഴുതേണ്ടിവന്നു. ശാസ്ത്രത്തിന്റെ അഭൂതപൂർവ്വമായ പുരോഗതിക്കൊത്ത് യന്ത്രവൽകൃതമായിക്കൊണ്ടിരിക്കുന്ന ജപ്പാന്, കോൺക്രീറ്റ് സൗധങ്ങൾക്കിടയിൽ, ഫാക്ടറികൾക്കിടയിൽ, പരിസര മലിനീകരണത്തിനിടയിൽ, ജനസാന്ദ്രതക്കിടയിൽ, അതിന്റെ സുന്ദരവും, സ്നിഗ്ധവും, സംസ്ക്കാരസമ്പന്നവുമായ ആത്മാവ് നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണോ എന്ന ആശങ്ക എന്റെ മനസ്സിനെ വല്ലാതെ അസ്വസ്ഥമാക്കി.

---

## കണ്ണനെ കാണുവാൻ

### ഡോ. വി. ബാലകൃഷ്ണൻ

കണ്ണിനു കണ്ണായ കണ്ണനെ കാണുവാൻ
ജൻമങ്ങളെത്ര ജനിച്ചു
ജീവന്റെ ജീവനിൽ വേണുവായ് നീ വന്നു
ഗാനങ്ങളുതിക്കളിച്ചു
പാരം വിരിയും മലരായ് മധുസ്മിത
സ്നേഹത്തിൻ ബിന്ദുവായി
താരങ്ങളായ് വർണ്ണജാലങ്ങളായ് മുഗ്ധ
ജീവിത ധാരയായി
പാരിൽ നിറഞ്ഞ നിൻ ചേതോഹര രൂപം
നേരിലെൻ കൺകളിൽ ചൂടാൻ
ഏറെക്കൊതിച്ചോരെൻ മാനസം നിന്നെയും
തേടിയലഞ്ഞു ദിഗന്തം
വാടിയ മോഹത്തിൻ പൂക്കളും പേറി ഞാ-
നാർത്തനായ് കേഴുന്ന നേരം
ഓടക്കുഴലൂതും ഓമൽക്കുമാരനെ
മാമക ചിത്തത്തിൽ കണ്ടു

---

## പ്രതികരണം

താളിയോലയിലൂടെ കേരളത്തിന് നേരിട്ട് ഉപയോഗപ്രദമാവുന്ന കാര്യങ്ങളും കൈകാര്യം ചെയ്യാം. ഉദാഹരണമായി ജപ്പാനിലെ ശാസ്ത്ര വിദ്യാഭ്യാസ സമ്പ്രദായം, സ്കൂളിലെ ഗണിത ശാസ്ത്ര പാഠ്യരീതി, തുടങ്ങിയവ വിശദീകരിക്കാം. അതുപോലെ മാനുഷികമൂല്യങ്ങളുടെയും സാമൂഹ്യ പ്രശ്നങ്ങളോടുള്ള സമീപനത്തിന്റെയും വ്യത്യാസങ്ങളും പരിശോധിക്കാം. ഏതായാലും താളിയോലക്ക് ഭാവുകങ്ങൾ.

- പ്രഭാകരൻ,
അത്സുഗി.

---

താളിയോല കംപ്യൂട്ടർ നെറ്റ്വർക്കിൽ വരാൻ പോകുന്നെന്നറിഞ്ഞ് വളരെ സന്തോഷം. ജപ്പാന്റെ സംസ്കാരത്തെക്കുറിച്ചുള്ള ലേഖനങ്ങളും പ്രതീക്ഷിക്കുന്നു.

അബ്ദുൽ റഹീം,
ചിബ

---

താളിയോലയെന്ന ചെറിയൊരു പ്രസിദ്ധീകരണത്തിന്റെ കോപ്പികൾ കിട്ടി. വളരെ നന്നായിട്ടുണ്ട്. ഇതിൽ കൊടുത്തിരിക്കുന്ന മലയാളിയുടെ ജാപ്പനീസ് കാഴ്ചപ്പാട് വളരെ കൗതുകകരമാണ്. അമേരിക്കൻ മലയാളിയുടെ മാത്രം അനുഭവങ്ങൾ കേട്ട നമുക്ക് ഇത് തികച്ചും പുതുമയുള്ളതായി തോന്നാം. താളിയോലയുടെ പിന്നിലുള്ളവർക്ക് അഭിനന്ദനങ്ങൾ! താളിയോലയിൽ കണ്ട 40% മലയാളികളും കേരളത്തിനു പുറത്താണ് എന്നും ഇവർ വർഷത്തിൽ 6480 കോടി രൂപ നാട്ടിലേക്കയക്കുന്നു എന്നുമുള്ളത് അതിശയോക്തിയായി തോന്നുന്നു.

- രാജീവ്,
സാൻഫ്രാൻസിസ്കൊ

# കസ്റ്റംസ് ബാഗേജ് നിയമങ്ങൾ

ബാഗേജുകൾ പൊതുവെ രണ്ടു തരം.

1. ഒപ്പം കൊണ്ടുവരുന്നത് (അക്കമ്പനീഡ്)
2. ഒപ്പം കൊണ്ടുവരാതെ മറ്റു മാർഗ്ഗേണ അയക്കുന്നത് (അൺ അക്കമ്പനീഡ്)

ഫ്രീ അലവൻസ്

അക്കമ്പനീഡ് ബാഗേജുകൾക്ക് അനുവദിച്ചിരുന്ന ഇളവുകൾ ഫ്രീ അലവൻസ് എന്ന പേരിൽ അറിയപ്പെടുന്നു. ഇവ താഴെ പറയുന്ന വിധമാണ്.

1. 12 വയസ്സിനു മുകളിലുള്ളവർക്ക് ആറായിരം രൂപ വരെയും 12 വയസ്സിന് താഴെയുള്ളവർക്ക് ആയിരത്തഞ്ഞൂറു രൂപ വരെയും വിലയുള്ള സാധനങ്ങൾ നികുതിയടക്കാതെ കൊണ്ടുവരാം. ഒരു ലിറ്റർ മദ്യവും ഇരുന്നൂറു സിഗരറ്റും ഡ്യൂട്ടി കൂടാതെ കൊണ്ടുവരാൻ അനുവാദമുണ്ട്.

2. സ്വർണ്ണാഭരണങ്ങൾക്കുള്ള സൗജന്യം ഇപ്രകാരമാണ്.

പുരുഷൻമാർ - പതിനായിരം രൂപ വരെ വിലയുള്ളത് (ഉദ്ദേശം 20 ഗ്രാം)

സ്ത്രീകൾ - ഇരുപതിനായിരം രൂപ വരെ വിലയുള്ളത് (ഉദ്ദേശം 40 ഗ്രാം)

(ഒരു വർഷത്തിലധികം വിദേശത്തു താമസിച്ചവർക്കേ ആഭരണങ്ങൾക്കുള്ള ഈ ഇളവിനർഹതയുള്ളു.)

3. ഫ്രീ അലവൻസിന്റെ പരിധിക്കപ്പുറം വരുന്ന സാധനങ്ങൾക്ക് ഈടാക്കുന്ന നികുതി നിരക്കുകൾ.

| | |
|---|---|
| മദ്യം | - 275% |
| സിഗരറ്റ് | - 150% |
| മറ്റു സാധനങ്ങൾ | - 60% |
| സ്വർണം | - 1 ഗ്രാമിന് 22 രൂപ |
| വെള്ളി | - കി.ഗ്രാമിന് 500 രൂപ |

(സ്വർണത്തിനും വെള്ളിക്കും നികുതി വിദേശ കറൻസിയിൽ അടയ്ക്കണം.) (ആറു മാസത്തിലധികം വിദേശത്തുണ്ടായിരുന്ന ഒരു ഇന്ത്യക്കാരന് പരമാവധി അഞ്ചു കിലോ സ്വർണം കൊണ്ടുവരാം. വെള്ളി നൂറു കിലോയും. എന്നാൽ കല്ലുകളോ രത്നങ്ങളോ പതിച്ച ആഭരണങ്ങൾ കൊണ്ടുവരാൻ പാടില്ല.)

കറൻസി - ഇന്ത്യൻ രൂപയുടെ ഇറക്കുമതി നിരോധിച്ചിരിക്കുന്നു. എങ്കിലും സാധാരണയായി ഇന്ത്യയിൽ താമസിക്കുന്ന ഒരാൾക്ക് വിദേശ യാത്ര കഴിഞ്ഞു വരുമ്പോൾ ആയിരം ഇന്ത്യൻ രൂപ വരെ കൊണ്ടുവരാം.

വിദേശ കറൻസിയുടെ ഇറക്കുമതിക്ക് പരിധിയില്ല. എന്നാൽ 2500 അമേരിക്കൻ ഡോളറിന്റെ മൂല്യത്തിലധികം വരുന്ന കറൻസിയോ ബാങ്ക് നോട്ടുകളോ യാത്രാ ചെക്കുകളോ കൈവശമുണ്ടെങ്കിൽ കറൻസി ഡിക്ളറേഷൻ ഫോമിൽ വിശദവിവരങ്ങൾ എഴുതി ഓഫീസറെ ഏല്പിക്കണം.

മേല്പറഞ്ഞ സൗജന്യങ്ങൾക്ക് പുറമെ ബാഗേജ് നിയമത്തിലെ 8 - ാം വകുപ്പുപ്രകാരം ലഘു ടി. ആർ. അഥവാ മിനി ടി. ആർ. സൗജന്യങ്ങൾ എന്നീ ഇളവുകളും ബാഗേജുകൾക്ക് അനുവദിച്ചിട്ടുണ്ട്.

1. മിനി ടി.ആർ. സൗജന്യങ്ങൾ

വിദേശത്ത് ഒരു വർഷത്തിൽ കുറയാതെ ജോലി ചെയ്ത ഒരാൾക്ക് ആറു മാസമെങ്കിലും ഉപയോഗിച്ചിട്ടുള്ള വ്യക്തിഗതവസ്തുക്കളും വീട്ടുപകരണങ്ങളും നികുതിയടക്കാതെ കൊണ്ടു വരാം. പക്ഷെ ഉപയോഗത്തിലിരുന്നതാണെങ്കിലും ബി. പട്ടികയിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾക്ക് വിലയുടെ 25% ഡ്യൂട്ടിയടക്കണം. ഇവയുടെ മൊത്തം വില 30,000 രൂപയിൽ കവിയാൻ പാടില്ല.

മറ്റ് നിബന്ധനകൾ

പാസ്പോർട്ട് സാധുവായിരിക്കണം. വിസാ റദ്ദായിരിക്കണം (ജോലിയിൽ നിന്നു പിരിച്ചുവിട്ടതായ സാക്ഷ്യപത്രവും മതിയാകും.) മൂന്ന് വർഷത്തിലൊരിക്കൽ മാത്രമാണ് ഈ സൗജന്യം ലഭിക്കുക. പരിശീലനത്തിന് മാത്രമായി വിദേശത്ത് പോയവർക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല. (ഈ ആനുകൂല്യം ലഭിച്ച ആൾക്ക് എപ്പോൾ വേണമെങ്കിലും പുതിയ വിസായിൽ മറ്റൊരു രാജ്യത്തേക്കു പോകാവുന്നതാണ്.)

2. ടി.ആർ. ആനുകൂല്യങ്ങൾ അഥവാ താമസം മാറുമ്പോഴുള്ള സൗജന്യങ്ങൾ.

രണ്ടു വർഷമെങ്കിലും വിദേശത്തു താമസിച്ച ഒരാൾ ഇന്ത്യയിൽ താമസിക്കാനായി തിരിച്ചു പോരുമ്പോൾ ഉപയോഗിച്ചിട്ടുള്ള സാധനങ്ങളും വീട്ടുപകരണങ്ങളും പൂർണ്ണമായി നി

കുതി ഇളവോടുകൂടി കൊണ്ടുവരാം. ഇവി ടെയും ബി. പട്ടികയിലെ വസ്തുക്കൾക്ക് 25% നികുതി അടയ്ക്കണം. ഈ രണ്ടു വകുപ്പും കൂടി സാധനങ്ങളുടെ മൊത്തം വില ഒന്നരലക്ഷം രൂപയിൽ കവിഞ്ഞാൽ അധികമുള്ളതിന് 80% നിരക്കിൽ ഡ്യൂട്ടി അടയ്ക്കണം.

വിദേശത്തായിരുന്ന അവസാനത്തെ രണ്ടു വർഷത്തിനിടെ ഇന്ത്യയിലേക്ക് നടത്തിയ സന്ദർശനങ്ങൾ 180 ദിവസത്തിലധികമാകാൻ പാടില്ല. അധികമുണ്ടെങ്കിൽ അത് ഇളവു ചെയ്യാൻ കസ്റ്റംസ് കമ്മീഷണർക്ക് അധികാരമുണ്ട്. മതിയായ കാരണങ്ങൾ കാണിച്ചിരിക്കണം.

വിദേശവാസ കാലാവധി രണ്ടു വർഷം തികയാൻ രണ്ടുമാസത്തെ കുറവുണ്ടെങ്കിലും ഈ ആനുകൂല്യം ലഭിക്കാം. കാണിക്കുന്ന കാരണങ്ങൾ ബോധ്യപ്പെട്ട് കസ്റ്റംസ് അസിസ്റ്റൻറ് കമ്മീഷണർ ഇളവു തന്നാൽ.

ടി. ആർ. ആനുകൂല്യം എടുത്ത യാത്രക്കാരൻ ഒരു വർഷത്തിനകം ഇന്ത്യയിൽനിന്ന് വിദേശത്തു പോകാൻ പാടില്ല. ഈ വ്യവസ്ഥയിലും രണ്ടുമാസം ഇളവ് അനുവദിക്കാൻ കസ്റ്റംസ് അഡീഷണൽ കമ്മീഷണർക്കും ഡെ. കമ്മീഷണർക്കും അധികാരമുണ്ട്. ഈ സൗജന്യങ്ങളിലൊന്നുംപെടാത്തതും നിർബന്ധമായും ഡ്യൂട്ടി അടയ്ക്കേണ്ടതുമായ സാധനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക എ (ഇളവ് ഒട്ടും അനുവദിക്കാത്ത സാധനങ്ങൾ)

1. തോക്ക് മുതലായ വെടിക്കോപ്പുകൾ
2. 50 എണ്ണത്തിൽ കൂടുതലുള്ള തിരകൾ (ഇവ രണ്ടും ലൈസൻസുള്ളവർക്കു മാത്രമേ അനുവദിച്ചിട്ടുള്ളു. കൂടെ ഇറക്കുമതി ലൈസൻസും വേണം.)
3. 200 എണ്ണത്തിലധികമുള്ള സിഗരറ്റ്
4. 200 ഗ്രാമിലധികമുള്ള പുകയില
5. ഒരു ലിറ്ററിലധികമുള്ള മദ്യം.
6. ഫ്രീ അലവൻസിൻെറ പരിധിയിൽ കവിഞ്ഞ സ്വർണ്ണവും വെള്ളിയും.

പട്ടിക ബി. (ഇളവ് ലഭിക്കാവുന്നതും എന്നാൽ നിർബന്ധമായും നികുതിയടയ്ക്കേണ്ടതുമായ സാധനങ്ങൾ)

1. കളർ/ബ്ളാക്ക് ആൻറ് വൈറ്റ് ടെലിവിഷനുകൾ. 2. വി. സി. ആർ. അഥവാ വി. സി. പി. അഥവാ വി. ടി. പി. 3. വാഷിങ് മെഷിൻ 4. രണ്ട് അടുപ്പിൽ (ബർണർ) കൂടുതലുള്ള ഗ്യാസ് സ്റ്റൗ, വൈദ്യുത സ്റ്റൗ, കുക്കിങ് റേഞ്ച്. 5. ഡിഷ് വാഷർ. 6. മ്യൂസിക് സിസ്റ്റം. 7. പേഴ്സണൽ കമ്പ്യൂട്ടർ 8. എയർ കണ്ടീഷണർ. 9. റെഫ്റിജറേറ്റർ. 10. മൈക്രോ വേവ് ഓവൻ. 12. വേഡ് പ്രൊസസിങ് മെഷിൻ. 13. വീഡിയോ ക്യാമറ. 14. ഫാക്സ് മെഷിൻ.

ടി. ആർ. അല്ലെങ്കിൽ മിനി ടി. ആർ. സൗജന്യം സ്വീകരിക്കുന്ന ആൾ ബി. പട്ടികയിലെ സാധനങ്ങൾക്ക് 25% നിരക്കിൽ നികുതി അടയ്ക്കണം. ഇവ പുതിയതോ പഴയതോ ആകട്ടെ യാത്രക്കാരൻെറ സ്വന്തമായിരിക്കണം. യാത്രക്കിടയിൽ വാങ്ങിയവയ്ക്കും ഈ ഇളവു ലഭിക്കും. പക്ഷെ ഏതു സാധനവും ഒരെണ്ണത്തിനു മാത്രമേ ഇളവ് ലഭിക്കുകയുള്ളു.

അൺ അക്കമ്പനീഡ് ബാഗേജ് സംബന്ധിച്ച നിബന്ധനകൾ

കപ്പൽ മാർഗ്ഗമാണ് സാധനങ്ങൾ അയക്കുന്നതെങ്കിൽ യാത്രക്കാരൻ ഇന്ത്യയിലെത്തി ഒരു മാസത്തിനകവും വിമാനമാർഗ്ഗമാണ് അയക്കുന്നതെങ്കിൽ രണ്ടാഴ്ചക്കകവും ബാഗേജ് വിദേശത്തുനിന്ന് അയച്ചിരിക്കണം. ഇന്ത്യയിലേക്കു പുറപ്പെടുംമുമ്പ് ബാഗേജ് അയക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ ബാഗേജ് അയച്ച് രണ്ടുമാസത്തിനകം യാത്രക്കാരൻ ഇന്ത്യയിലെത്തിയിരിക്കണം.

ടി. ആർ. ഇളവുകൾ ചോദിച്ചിരിക്കുന്ന സാധനങ്ങൾ യഥാർത്ഥത്തിൽ അതിനർഹമാണോ എന്ന് ഓഫീസർ നിർണ്ണയിക്കും. പഴയതുതന്നെ എന്നു തെളിയിക്കാൻ ബില്ലുകൾ സൂക്ഷിച്ചുവെച്ചാൽ സഹായകമായേക്കാം.

(കനറാ ബാങ്കിൻെറ മേഘദൂത് ന്യൂസ് ലെറ്ററിനോട് കടപ്പാട്)

## മുഖാമുഖം

# അ ക്കിത്തം നാരായണൻ

ജീവിതത്തിൻെറ ഏറിയ പ കും ആധുനിക കലയുടെ മെക്കയായ പ ാരീസിൽ ചെലവ ഴിച്ച വിശ്വ പ്ര സിദ്ധനായ ചിത്രകാരൻ. തികച്ചും വ്യതസ്തമായ മറ്റൊരു സമൂഹത്തിൽ ജനിച്ചു വളർന്ന ഒരു ജീവിത പ കാളിയുമായി ജീവിക്കുമ്പോഴുള്ള സംസ്കാര സീമകളുടെ അ വ്യക്തത. ഇത് അ ക്കിത്തത്തിൻെറ വ്യക്തിത്വ ത്തിന് ഒരു ദുരൂഹതയുടെ പ രിവേഷം നൽകുന്നു. ഇതിൻെറ കൂടെ അ ദ്ദേഹത്തിൻെറ ചിത്രങ്ങളുടെ 'അ മൂർത്തത'യുടെ അ പ്ര ാപ്യതകൂടിയാകുമ്പോൾ ആ പ ട്ടിക പ ൂർത്തിയാവുന്നു. അ വധിക്ക് ജപ്പാനിലെത്തിയ അ ക്കിത്തത്തിനെ താളിയോലക്കു വേണ്ടി പ രിചയപ്പെടുത്താനുള്ള അ വസരം കിട്ടിയപ്പോൾ ഈ ദുരൂഹതയായിരുന്നു മനസ്സു നിറയെ.

താ:ഇപ്പോഴത്തെ ജീവിതത്തെക്കുറിച്ച് പ റയാമോ?

അ :ഒറ്റവാക്കിൽ 'പെ യിൻറിംഗ്' എന്നു പ റയാം. എണ്ണച്ചായവും ജലച്ചായവും എച്ചിംഗും അ പ ൂർവമായി എൻഗ്രേവിംഗും ചെയ്യാറുണ്ട്. ഇടയ്ക്കു കുറച്ചുകാലം ചെറിയ തോതിൽ പ ഠിപ്പിച്ചതൊഴിച്ചാൽ ചിത്രകലയും എക്സിബിഷനും തന്നെയാണ് ജീവിത മാർഗവും ഹോബിയുമെല്ലാം

ഭാര്യ സച്ചിക്കൊ ഒരു പ ിയാനിസ്റ്റാണ്. കച്ചേരികൾ നടത്തുന്നതോടൊപ്പം ഒരു സംഗീത വിദ്യാലയത്തിൽ പ ഠിപ്പിക്കുകയും ചെയ്യുന്നു. മകൻ 'അ ഗ്നി' മ്യൂസിക്കോളജി വിദ്യാർത്ഥിയാണ്. പ ാരീസിൽ, ആർട്ടിസ്റ്റുകൾക്കായി ഗവൺമെൻറ് അ നുവദിച്ചിട്ടുള്ള ഒരു അ പ്പാർട്ടുമെൻറിൽ താമസിക്കുന്നു. അ തുതന്നെയാണ് വീടും പ ണിപ്പുരയുമെല്ലാം.

താ:സ്വ ന്തം ചിത്രങ്ങളുടെ പ്ര ത്യേകതയെക്കുറിച്ച് എന്താണ് പ റയാവുന്നത്?

അ :എൻെറ ചിത്രങ്ങളുടെ സ്വ ഭാവത്തെ ഞാൻ തന്നെ അ പ ഗ്രഥിക്കുന്നത് ശരിയല്ലെങ്കിലും ഭാരതീയ സംസ്കാരത്തിൻെറ സ്വാധീനമുണ്ടെന്ന് നിരൂപ കർ പ റയുന്നത് ശരിയാണെന്നു തോന്നിയിട്ടുണ്ട്. ഈ സ്വ ാധീനം രൂപ ത്തിലും വർണത്തിലും മാത്രമൊതുങ്ങുന്നുവെന്നും തത്വ ശാസ്ത്രത്തിൻെറ തലത്തിൽ ഇല്ല എന്നും പ റയട്ടെ.

ഇന്ന് കല മിക്കവാറും 'ഇസ'ങ്ങളിൽ തൂങ്ങി നിൽക്കാത്ത കാലമാണല്ലോ. എങ്കിലും നിരൂപ കരുടെയിടയിൽ കലയെ ഈ ചട്ടക്കൂട്ടിലൊതുക്കി നിർത്താനുള്ള പ്ര വണത കുറഞ്ഞിട്ടില്ല. കലാ രൂപ ങ്ങളെ അ പ ഗ്രഥിക്കാനും അ വയെക്കുറിച്ചു ചർച്ച ചെയ്യാനും അ നുവാചകനെ ബോധ്യപ്പെടുത്താനുമുള്ള സങ്കേതങ്ങളും പ്ര തീകങ്ങളുമായാണ് ഇവയെ ഉപ യോഗിക്കുന്നത്. ഇങ്ങനെ അ വരുടെ ഭാഷയിൽ 'താന്ത്രിക കല'യുടെ (താന്ത്രിക് ആർട്ട്) പ്ര തീകമായാണ് എൻെറ ചിത്രങ്ങൾ അ റിയപ്പെടുന്നത്. ഭാരതീയ തന്ത്രകല, ശൈവകല, ദുർഗാ പ ൂജയിലെയും മറ്റും രൂപ വർണങ്ങൾ, മന്ത്രവാദത്തിലെ തകിടെഴുത്തിലെ ചക്രങ്ങൾ, ടിബറ്റൻ ബുദ്ധമതകല, ജപ്പാനിലെ മണ്ഡലകല എന്നിവയിലെല്ലാം കാണാവുന്ന രൂപ ങ്ങളുടെ ആർജവവും വർണങ്ങളുടെ പ്ര ത്യേകമായ ചേർച്ചയും ഇതിൻെറ ആകെയുള്ള സ്വ ഭാവമാണെന്നു പ റയാം.

കുട്ടിക്കാലത്തുമുതൽ പ രിചിതമായ കളമെഴുത്ത്, പ ാമ്പുകളങ്ങൾ, തന്ത്രപ ൂജാദികളിൽ ഉപ യോഗിക്കുന്ന അ ഷ്ടദളപ ത്മവും മണ്ഡലങ്ങളും ചക്രങ്ങളും - ഇവയിലെ രൂപ ങ്ങളും വർണങ്ങളും എൻെറ ചിത്രങ്ങളിൽ കടന്നുകൂടി എന്നു മാത്രമേ എനിക്കു തോന്നിയിട്ടുള്ളു.

താ: ഇനി കുട്ടിക്കാലത്തെക്കുറിച്ച് അ റിഞ്ഞാൽ കൊള്ളാം.

അ :മലപ്പുറം ജില്ലയിലെ മൂക്കുതലയിലാണ് അ ക്കിത്തം തറവാട്. നമ്പൂതിരി സമുദായത്തിലെ സാമൂഹ്യ പ രിഷ്കരണത്തിൻെറ ഉത്തരാർദ്ധത്തിലാണ് എൻെറ കുട്ടിക്കാലം. യാഥാസ്ഥിതികമായ പ ലകുടുംബ ങ്ങളിലും പ ുരോഗമനാശയത്തിൻെറ മാറ്റങ്ങൾ വന്നു കഴിഞ്ഞിരുന്നു. ജ്യേഷ്ഠൻ അ ച്യുതൻെറ (കവി അ ക്കിത്തം) സാമൂഹ്യ പ രിഷ്കാര പ്ര വർത്തനങ്ങളും പ ുരോഗമനാശയങ്ങളും ഞങ്ങളെയും സ്വാധീനിച്ചിരുന്നു എന്നു പ റയാം. കവിയുടെ സുഹൃത്തുക്കളായി വി. ടി., എം. ആർ. ബി., ഇടശ്ശേരി, ഇ. എം. എസ്സ്. തുടങ്ങിയവരുടെ സമ്പർക്കവും മറ്റും കാരണമാവാം, എനിക്ക് ഓർമ്മയുള്ള കാലത്തെക്ക് വീട്ടിലെ യാഥാസ്ഥിതികാന്തരീക്ഷം ഏതാണ്ട്

ഇല്ലാതായി തീർന്നിരുന്നു.

ജ്യേഷ്ഠൻെറ സുഹൃത്തുക്കളായ കലാസാഹിത്യ രംഗങ്ങളിലെ പലരുമായും ഇടപെടാനുള്ള അവസരം കിട്ടിയിട്ടുണ്ട്. എം. ടി., കടവനാട്, കക്കാട്, എം. വി. ദേവൻ, ചിത്രകാരൻ നമ്പൂതിരി, ഇടശ്ശേരി തുടങ്ങിയ പലരേയും അന്നു തന്നെ പരിചയമുണ്ടായിരുന്നു. കൂടെതന്നെ, അന്ന് നമ്പൂതിരി ഭവനങ്ങളിൽ സാധാരണമല്ലാതിരുന്ന കലാസാഹിത്യപ്രസിദ്ധീകരണങ്ങളുമായി പരിചയപ്പെടാൻ ഇത് സഹായിച്ചു. ഇവയിലെ ചിത്രങ്ങളും ചിത്രകലയെക്കുറിച്ചുള്ള ലേഖനങ്ങളും എന്നെ സ്വാധീനിച്ചിരുന്നുവെന്ന് ഇന്ന് തോന്നുന്നു.

താ: സാഹിത്യ സാമൂഹ്യ പ്രവർത്തനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ അന്ന് അധികമാളുകൾ പ്രവർത്തിച്ചിട്ടില്ലായിരുന്ന രംഗമായിരുന്നല്ലോ ചിത്രകല. അതിലേക്ക് കടന്നുവരാൻ ഇടയായ സാഹചര്യമെന്താണ്?

അ: ഇതിനൊരുത്തരം എനിക്കും ഉറപ്പിച്ച് പറയാനാവില്ല. ഒരർത്ഥത്തിൽ, എൻെറ 'സ്വഭാവം' എന്ന് പറഞ്ഞു നിർത്താം. സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്വദേശീയവും വിദേശീയവുമായ ധാരാളം പുസ്തകങ്ങളും മാസികകളും രാഷ്ട്രീയ പ്രസിദ്ധീകരണങ്ങളും വായിച്ചിട്ടുണ്ട്. അപ്പോൾ തന്നെ സാഹിത്യ, സാമൂഹ്യ ലേഖനങ്ങളേക്കാളേറെ അവയിലെ ചിത്രങ്ങളും ഫോട്ടോകളുമാണ് എന്നെ ആകർഷിച്ചിരുന്നത്. രാഷ്ട്രീയക്കാരായ പല അടുത്ത സുഹൃത്തക്കളുണ്ടെങ്കിലും രാഷ്ട്രീയം അന്നും ഇന്നും എനിക്ക് തീരെ താൽപര്യം തോന്നിയിട്ടില്ലാത്ത വിഷയമാണ്. സാഹിത്യവിഷയങ്ങൾ വായിക്കുന്നത് ഇഷ്ടമായിരുന്നു എങ്കിലും ചിത്രങ്ങളോടും നിറങ്ങളോടുമുള്ള ആ ഒരാകർഷണം സാഹിത്യത്തോട് തോന്നിയിട്ടില്ല.

അടുത്തുള്ള മൂക്കുതല, ശുകപുരം അമ്പലങ്ങളിലേയും മറ്റു പഴയ ഇല്ലങ്ങളിലേയും ചുമർ ചിത്രങ്ങളും ശിൽപങ്ങളും കാണുമ്പോഴും, വെറുതെ ചിത്രം കാണുന്നതിലുപരിയായി അവയുടെ പാറ്റേണുകളെ പറ്റിയും വർണസംയോജനത്തെപ്പറ്റിയും വേർതിരിച്ചു മനസ്സിലാക്കുന്നതിൽ താൽപര്യം തോന്നിയിരുന്നു. കൂട്ടത്തിൽ പകരാവൂർ മനയ്ക്കലെ പഴയ കുളപ്പുരയിലെ ചുമർ ചിത്രങ്ങൾ ഇന്നും ഓർമ്മയുണ്ട്.

കുമരനെല്ലൂർ സ്കൂളിൽ ഫോർത്ത്ഫോമിൽ പഠിക്കുമ്പോൾ ചിത്രകലക്ക് ഒന്നാം സമ്മാനം കിട്ടുകയുണ്ടായി. അന്നു മുതലാണ് വരയിലുള്ളഎൻെറ 'വാസന'യെപ്പറ്റി എനിക്കുതന്നെ ബോധമുണ്ടായത്. അന്നാണ് 'വരയാണ്എൻെറ വഴി' എന്ന് ബോധ്യം വന്നത്. സ്കൂൾ വിട്ടതിന് ശേഷം ചിത്രകല പഠിക്കണമെന്ന ആഗ്രഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയിടെ (1954ൽ) എം. വി. ദേവൻ 'മാതൃഭൂമിയിൽ' ചിത്രകലയെപ്പറ്റി ഒരു ലേഖനമെഴുതുകയുണ്ടായി. ഇത് ചിത്രകല പഠിക്കാനുള്ള എൻെറ ആഗ്രഹത്തെ ഏതാണ്ടൊരു തീരുമാനത്തിലെത്തിച്ചു. (അന്നൊന്നും അച്ഛനമ്മമാർ കുട്ടികളുടെ പഠനത്തെ നിയന്ത്രിക്കുന്ന കാലമായിരുന്നില്ല.) ജ്യേഷ്ഠന്, ദേവനെ നേരിട്ട് പരിചയമുണ്ടായിരുന്നതിനാൽ മദ്രാസിലെ ചിത്രകലാശാലയിലേക്ക് ദേവൻ ഒരെഴുത്ത് തന്നു. പിന്നീടങ്ങോട്ട് ആറുകൊല്ലം പെയിൻറിങ്ങും ഒരു കൊല്ലം ശില്പകലയും രണ്ടുകൊല്ലം ഗവൺമെൻറിൻെറ സ്കോളർഷിപ്പിൽ ശ്രീ. കെ. സി. എസ്. പണിക്കരുടെ കീഴിൽ പി. ജി. യും ചെയ്തു.

അതിനിടെ കലാകാരൻമാരുടെ ഒരു സഹകരണ സംഘത്തിലും ഡെൽഹിയിൽ ബാത്തിക് എക്സിബിഷനുകളിലും മറ്റും പ്രവർത്തിക്കുകയും ചെയ്തു. അക്കാലത്താണ് ചിത്രകലയിൽ ഉപരിപഠനത്തിനുള്ള ഫ്രഞ്ച് സ്കോളർഷിപ്പും ജർമൻ സ്കോളർഷിപ്പും കിട്ടിയത്. ആദ്യം വന്നത് ഫ്രഞ്ച് സ്കോളർഷിപ്പിൻെറ അറിയിപ്പാണ് - അത് സ്വീകരിക്കുകയും ചെയ്തു. പാരീസിൽ മൂന്നു വർഷത്തേക്കായിരുന്നു അത്. ഫ്രെസ്കോയിലും മ്യൂറൽ പെയിൻറിങ്ങിലുമാണ് സ്പെഷലൈസേഷൻ.

താ:ഇനി കുടുംബത്തെക്കുറിച്ചല്പം. വ്യത്യസ്തമായ രണ്ടു സംസ്കാരങ്ങളിൽനിന്നും വന്ന് തികച്ചും മറ്റൊരു സമൂഹത്തിൽവെച്ചു പരിചയപ്പെടാനിടയായ സാഹചര്യം....?

അ: പാരീസിൽ പഠിക്കുന്ന കാലത്തായിരുന്നു. സച്ചിക്കൊവും ഫ്രെഞ്ച് സ്കോളർഷിപ്പിൽ സംഗീതം പഠിക്കുകയായിരുന്നു. അങ്ങനെ പരിചയപ്പെട്ടു. ഞങ്ങളുടെ ഹോസ്റ്റലുകൾ അടുത്തടുത്തായിരുന്നതിനാൽ പലപ്പോഴും റെസ്റ്ററൻറിലും മറ്റുംവെച്ച് കണ്ടുമുട്ടുക

പതിവായിരുന്നു. യൂറോപ്പിലെ അന്തരീക്ഷത്തിൽ ഞങ്ങളുടെ ഏഷ്യൻ പശ്ചാത്തലം അടുപ്പത്തിന് കാരണമായി എന്നു പറയാം. 1975ൽ ടോക്യോയിലെ ഇംപീരിയൽ ഹോട്ടലിൽ വെച്ചായിരുന്നു വിവാഹം. വിവാഹത്തിനായി ജ്യേഷ്ഠൻ നാട്ടിൽനിന്ന് ഒരു താലി കൊണ്ടുവന്നു.

താ: ഒരളവുവരെ വ്യത്യസ്തമായ യാഥാസ്ഥിതിക സമൂഹങ്ങളിൽ ജനിച്ചു വളർന്ന നിങ്ങൾ രണ്ടുപേരും ആധുനികതയുടെ മെക്കയായ പാരീസിൽ വളർന്ന മകനും - അക്കിത്തത്തിന്റെ കുടുംബ സംസ്കാരമെന്നാൽ എന്താണ്?

അ : (ചിരിച്ചുകൊണ്ട്) ഫ്രെഞ്ചാണ് ഞങ്ങളുടെ ഔദ്യോഗിക ഭാഷ. കുറെയൊക്കെ ജാപ്പനീസ് എനിക്കും മലയാളം സച്ചിക്കൊവിനും അറിയാം. 'അഗ്നി' ഫ്രെഞ്ചും ഇംഗ്ലീഷും സംസാരിക്കും. സച്ചിക്കൊവിന്റെ കുടുംബം ജപ്പാനിൽ 'പ്രാക്ടീസിംഗ് ബുദ്ധിസ്റ്റ്സ്' ആണ്. ഇവർക്കു തന്നെ ഇവിടെ ഒരമ്പലവും അതിൽ ദിവസവും പൂജാദികളും ഉണ്ട്. മതപരമായ പാരമ്പര്യത്തിലുള്ള താത്പര്യം ഞങ്ങളിൽ ഒരു പൊതുഘടകമാണ്. അതോടൊപ്പം വിശ്വാസത്തിന്റെ കാര്യത്തിൽ ഞങ്ങൾ ലിബറൽ ആണെന്നു പറയാം. സംസ്കാരബോധം പൊതുവെ യുക്തിക്കതീതമായതുകൊണ്ട് ഈ സഹിഷ്ണത വളരെ പ്രധാനമാണെന്നു തോന്നിയിട്ടുണ്ട്. 'അഗ്നി' തികച്ചും ഒരു ഫ്രെഞ്ചുകാരനാണ് - സാധാരണ യൂറോപ്യൻമാരിൽ കാണാത്ത ചില 'സെൻറിമെൻറുകൾ' ഉണ്ടെന്നു മാത്രം. ജപ്പാനിൽ വരുന്നത് വളരെ ഇഷ്ടമാണ്.

താ: മദ്രാസിലായിരുന്നപ്പോൾ കലാകാരൻമാരുടെ അസോസിയേഷനിൽ പ്രവർത്തിച്ചിരുന്ന കാര്യം പറയുകയുണ്ടായല്ലോ. എന്തായിരുന്നു അത്?

അ :മദ്രാസിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തായിരുന്നു അത്. ചിത്ര കലയിൽ ബിരുദമെടുത്ത കലാകാരൻമാരുടെ തൊഴിലില്ലായ്മയും സാമ്പത്തിക പരാധീനതകളുമാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഘടകം. ചില ചിത്രകാരൻമാരും കരകൗശലവിദഗ്ധൻമാരും ചേർന്നാണ് ഇത് തുടങ്ങിയത്. കുറച്ചുകാലം ഞാൻ അതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. കലാപരമായി ഡിസൈൻ ചെയ്ത ഷർട്ട്, സാരി, തുണികളായിരുന്നു പ്രധാന ഉത്പന്നം. ഈ സംരംഭം ഒരു വിജയമായിരുന്നുവെന്നു പറയാം. അതിന്റെ സമ്പാദ്യംകൊണ്ട് എല്ലാവരും ചേർന്ന് മദ്രാസിൽ കുറെ ഭൂമി വാങ്ങുകയാണ് ചെയ്തത്. അതാണ് ഇന്ന് ചോളമണ്ഡൽ ആർട്ട് വില്ലേജ് എന്നറിയപ്പെടുന്നത്. കലാകാരൻമാർക്ക് ഒരുമിച്ചുകൂടി വരയ്ക്കാനും ചർച്ചചെയ്യാനുമുള്ള ഒരു രംഗം എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം.

താ:അക്കിത്തത്തിന്റെ ചിത്രങ്ങൾ 'അമൂർത്ത കല' (അബ്സ്ട്രാക്ട്) ആണെന്നു പറയുന്നുവല്ലോ. ഇതിന്റെ സ്വഭാവത്തെക്കുറിച്ചു ലളിതമായി പറയാമോ?

അ : ചുറ്റും മാറിക്കൊണ്ടിരിക്കുന്ന വസ്തുക്കളെ അതേപടി പകർത്തി ആ മാറ്റത്തെ അതിജീവിക്കാനുള്ള വ്യഗ്രതയായിരിക്കണം മനുഷ്യന്റെ ആദ്യകാല ചിത്രങ്ങളുടെ പ്രചോദനം. പിന്നീടത് വസ്തുക്കളും അവയുടെ അവസ്ഥയും കലാകാരന്റെ മനസ്സിലുണ്ടാക്കുന്ന ചലനങ്ങളെയും അവയുടെ വ്യാഖ്യാനങ്ങളെയും വരയ്ക്കുന്നതിലേയ്ക്കു നീങ്ങി (എക്സ്പ്രെഷനിസം, ഇംപ്രെഷനിസം, ക്യൂബിസം തുടങ്ങിയവ ഇതിൽപ്പെടുന്നു.) അമൂർത്ത കല ഇതിൽ നിന്നെല്ലാം മൗലികമായി വ്യത്യസ്തമാവുന്നത് ചിത്രത്തിന് മൂലകാരണമായ ഒരു വസ്തു ഇല്ല എന്നതിനാലാണ്. താൻ കണ്ട ഒരു വസ്തു അല്ലെങ്കിൽ ആശയത്തെക്കുറിച്ച് അനുവാചകനോട് പറയുന്നതിൽനിന്ന് വ്യത്യസ്തമായി തന്റെ ഒരു മാനസികാവസ്ഥ അനുവാചകനിലേയ്ക്ക് പകരുന്നതാണ് ഇവിടെ കലാകാരന്റെ ലക്ഷ്യം.

താ:കലാരൂപത്തിൽ പതിഞ്ഞിട്ടുള്ള സങ്കേതങ്ങളെ സ്വന്തം അവബോധത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കിയെടുക്കുമ്പോഴല്ലേ കലാസ്വാദനം സാദ്ധ്യമാവുന്നത്?

അ : അമൂർത്ത കലയെ സംബന്ധിച്ചിടത്തോളം ഇതു ശരിയല്ല. ആസ്വാദകൻ കലാരൂപത്തിനു പിന്നിലുള്ള കലാകാരന്റെ മാനസികാവസ്ഥയെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നില്ല. അങ്ങനെ കല 'ഇഷ്ടമാവുക' അല്ലെങ്കിൽ 'ഉൾക്കൊള്ളുക' എന്നല്ലാതെ 'മനസ്സിലാവുക' എന്നത് ഇവിടെയില്ല. സന്ധ്യാസമയത്തെ ആകാശത്തിന്റെ ഭംഗി

ആസ്വദിക്കുമ്പോൾ അതിൻെറ രൂപ വർണങ്ങളെ അപഗ്രഥിക്കാറില്ലാത്തതുപോലെയാണിത്. അതേപോലെ, സംഗീതത്തിലും ഗായകൻ ഒരു രാഗമാലപിക്കുമ്പോൾ, ഇന്നതുകൊണ്ടാണ് അതിഷ്ടപ്പെടുന്നുവെന്നു പറയാനാവില്ലല്ലോ.

താ: മുപ്പത് കൊല്ലത്തോളമായി നാട്ടിൽ നിന്ന് വിട്ടുനിന്നതിന് ശേഷം ഇപ്പോൾ നാടിനെക്കുറിച്ച് ഉള്ള ബോധം എന്താണ്?

അ: വർഷങ്ങൾ കഴിയുന്തോറും നാടിനെക്കുറിച്ചുള്ള ഓർമ്മകളും ഗൃഹാതുരത്വവും കൂടിവരുന്നതായി തോന്നുന്നു. യാത്രാസൗകര്യവും വാർത്താവിനിമയ ബന്ധങ്ങളും പണ്ടത്തേക്കാളെത്രയോ കൂടിയിട്ടുള്ളതിനാൽ ഇതൊരു വൈരുദ്ധ്യമായിതോന്നാം. പിന്നെ പുറത്തുനിന്ന് നോക്കുമ്പോൾ മാത്രമാണ് നാടിനെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും ഒരു ശരിയായരൂപം കിട്ടുന്നത് എന്ന് തോന്നിയിട്ടുണ്ട്.

മതത്തേയും വിശ്വാസത്തേയും കുറിച്ച് തീരെ ആലോചിക്കാത്ത ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ കുറേശ്ശെ അതിലേക്ക് തിരിച്ച് പോകുന്നതായി തോന്നുന്നു. മതപരമായ അന്ധവിശ്വാസങ്ങൾക്കും മതമൗലിക ചിന്തകൾക്കും മതത്തെ മറ്റു ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനോടും എനിക്ക് എതിർപ്പാണ്. എന്നാൽ തികച്ചും വ്യക്തിപരമായ ഒരു തലത്തിലെ വിശ്വാസം പലപ്പോഴും മനസ്സിൻെറ സംഘർഷങ്ങളെ കുറയ്ക്കുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. ഇപ്പോഴും രണ്ടുവർഷത്തിലൊരിക്കൽ നാട്ടിൽ പോവാറുണ്ട്. മിക്കവാറും കാലവർഷക്കാലത്താണ് പോകാറുള്ളത്. അവിടെ പഴയ സുഹൃത്തുക്കളും പത്രമാസികക്കാരും കലോൽസവങ്ങളുമൊക്കെയായി മിക്കവാറും തിരക്കായിരിക്കും.

താ: ആധുനികതയുടെ ഈറ്റില്ലമായ പാരിസിലെ കലാരംഗത്തെ പുതിയ പ്രവണതകൾ എന്തൊക്കെയാണ്?

അ: സ്വതന്ത്രമായ കല എന്ന സങ്കൽപം ഏറെക്കുറെ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കലയെ ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ഫ്രീലാൻസ് കലാകാരൻമാരുടെ അവസാന കണ്ണികളിലൊരാളാണ് ഞാൻ എന്നു പറയാം. ഇപ്പോൾ, വാസ്തുകല, ഇൻറീരിയർഡെക്കറേഷൻ തുടങ്ങിയ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന കലാകാരൻമാരാണ് കൂടുതൽ. അതുപോലെതന്നെ കലാകാരൻമാർക്കിടയിൽ ശില്പകല ചിത്രകല തുടങ്ങിയവ തമ്മിലുള്ള വ്യത്യാസവും ഇല്ലാതായി വരുന്നു. കംപ്യൂട്ടർഗ്രാഫിക്സ് ഉപയോഗിച്ചുള്ള ആർട്ടാണ് മറ്റൊരു പുതിയ കലാരൂപം. ചുരുക്കിപ്പറഞ്ഞാൽ കലാകാരൻമാരുടെ ഇടയിൽ മറ്റൊരു വലിയ 'ജെനറേഷൻ ഗ്യാപ്പി'ൻെറ കാലമാണിത്.

---

ഈ ലക്കം സ്പോൺസർ ചെയ്ത എ. പി. എസ്. മണി സാനും പുഷ്കല സാനും നന്ദി.

---

അതുല്യമായ ശക്തിയോടെ
പ്രവൃത്തിപഥത്തിലേക്കു വന്ന് കരുത്തുറ്റ
ജോലി ചെയ്യൂ. ശേഷമൊക്കെ ഈശ്വരൻ
നോക്കിക്കൊള്ളും.

- സ്വാമി വിവേകാനന്ദൻ.

**Edited by:**
Sankaranarayanan
202 Nishi Tsunashima Green Heights
6-9-1 Tsunashima Nishi
Yokohama - 223, Japan
Tel: 045 546 9893
E-Mail: sanx@csfb.co.jp

**Published by:**
Suresh Lal
201 Sachigaoka Daikan Plaza Sportsment
148-4 Sachigaoka, Asahi - Ku
Yokohama - 241, Japan
Tel: 045 364 7178 Fax: 045 366 4168
E-Mail: lal@gol.com